**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3695 — 17.12.2015-ൽ മറുപടിക്ക്.

## റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്; പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; നിർമ്മാണം ആരംഭിച്ചിട്ടുള്ളത് എന്നാണെന്നും കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നാണെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉള്ളതെന്നും പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തു തടസ്സമാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;<br><br>(ബി) സ്ഥല പരിമിതി മൂലം വീർപ്പുമുട്ടുന്ന റാന്നി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | : (എ&ബി) 71 ലക്ഷം രൂപ; റാന്നി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിരുന്ന ആദ്യ കരാറുകാരൻ 65% പണികൾ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളൂ. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പണികൾ, റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ റീടെണ്ടർ ചെയ്ത് ശ്രീ. തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25.02.2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാൻ വന്ന തടസ്സം മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ്. റാന്നി പോലീസ് സ്റ്റേഷന്റെ അനുബന്ധമായ കൂട്ടിച്ചേർക്കൽ ജോലി, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, 'ബി' ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, WPC റെസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിട സമുച്ചയത്തിലെ സൗകര്യങ്ങൾ.<br>കെട്ടിട നിർമ്മാണം പൂർത്തിയാക്കി, വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് റാന്നി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മാറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ